**2010 മാർച്ച് 14**

# ക്പിഫ്തോ ഞായർ

# വലിയനോമ്പിലെ അഞ്ചാം ഞായർ

## ലൂക്കാ 13:10-17

**ഫാ. ബർണാർഡ് വലിയവിള**

വിശുദ്ധ ലൂക്കോസ് സുവിശേഷകൻ മാത്രം വിവരിക്കുന്ന ഒരു സംഭവമാണ് ഇന്ന് നമ്മുടെ ചിന്തയ്ക്കു സഭ നൽകിയിരിക്കുന്നത്. തിരുവചനം സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് പതിനെട്ടുവർഷമായി ഒരു ആത്മാവ് ബാധിച്ച് രോഗിയായി നിവർന്നുനിൽക്കാൻ സാധിക്കാത്തവിധം കൂനിപ്പോയ ഒരുവളെയാണ് സാബത്തുദിനത്തിൽ സിനഗോഗിൽവച്ച് ഈശോ സുഖപ്പെടുത്തിയത്. കർത്താവ് നൽകിയ രോഗസൗഖ്യവും അത്ഭുതം നടന്ന സാഹചര്യവും തുടർന്നുണ്ടാകുന്ന സംഭാഷണവും നമ്മുടെ ജീവിതത്തോട് പറയുന്ന സന്ദേശങ്ങൾ അനവധിയാണ്.

വി. ലൂക്കോസിന്റെ സുവിശേഷത്തിൽ കർത്താവ് തന്റെ ജീവിത ദൗത്യത്തെക്കുറിച്ച് പറയുന്നത് "ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും അറിയിക്കുവാൻ ഞാൻ അയക്കപ്പെട്ടിരിക്കുന്നു" എന്നാണ്. അതായത് മനുഷ്യത്വത്തിന്റെ, മനുഷ്യമഹത്വത്തിന്റെ പൂർണമായ വീണ്ടെടുക്കലാണ് തന്റെ ജീവിതലക്ഷ്യമെന്ന് ഈശോ അറിയിക്കുന്നു. മനുഷ്യമഹത്വം പുന:സ്ഥാപിക്കുവാനുള്ള പരിശ്രമത്തിന്റെ ഭാഗമാണ് ഈശോ ചെയ്ത അത്ഭുതങ്ങൾ. മനുഷ്യനിൽനിന്നും അവന്റെ ജീവിതദു:ഖങ്ങളിൽനിന്നും അകന്ന്, ആകാശങ്ങളുടെ കാണാമറയത്ത് ഇരിക്കുന്ന ഒരു ദൈവത്തെയല്ല മറിച്ച് മനുഷ്യനോടൊപ്പം ജീവിച്ച്, അവനുവേണ്ടി ജീവിതം സമർപ്പിച്ച ഒരു ദൈവത്തെയാണ് യേശുവിൽ നാം കാണുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോ തന്റെ ജീവദൗത്യം വിവരിക്കുന്നുണ്ട്. "അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും വേണ്ടിയാണ് താൻ വന്നിരിക്കുന്നത്." ജീവന്റെ സമൃദ്ധി അഥവാ പൂർണത സ്വന്തമാക്കുവാൻ ഓരോരുത്തരെയും ഒരുക്കുന്നത് ക്രിസ്തുവാണ്. ജീവന്റെ സമൃദ്ധി ആസ്വദിക്കാൻ കഴിയാത്തവരെയെല്ലാം യേശു വീണ്ടെടുക്കുന്നുണ്ട്. ജീവന്റെ സമൃദ്ധി നേടുന്നതിന് തടസ്സമായി നില്ക്കുന്നത് പാപമോ, രോഗമോ, ദു:ഖമോ എന്തുതന്നെയായാലും അത് തുടച്ചുമാറ്റുവാൻ കഴിയുന്നവനാണ് ക്രിസ്തു.

ഇന്നത്തെ സുവിശേഷത്തിൽ 18 വർഷമായി സാത്താൻ ബന്ധിച്ച് കൂനിയായിപോയ ഒരു മകളെ കർത്താവ് സുഖപ്പെടുത്തുകയാണ്. സൗഖ്യം നൽകുന്നത് ഒരു സാബത്തു ദിവസം, അതും സിനഗോഗിൽ വച്ച്. അവളുടെ വൈകല്യം അവളെ മതപരമായ കർമ്മത്തിൽനിന്ന് ഒട്ടും അകറ്റിയില്ലെന്ന് അവളുടെ സിനഗോഗിലെ സാന്നിധ്യം തെളിയിക്കുന്നു. രോഗത്തിന്റെയോ കഷ്ടതയുടെയോ പേരിൽ ദൈവത്തെയോ ദൈവാലയത്തെയോ അവൾ തള്ളിപ്പറയുന്നില്ല. അവൾ മതപരമായ എല്ലാ കർമ്മങ്ങളിലും പങ്കുകൊണ്ടിരുന്നവളാണ്. ശാരീരികമായ അസ്വസ്ഥകൾ അവളുടെ വിശ്വാസജീവിതത്തിന് ഒരു പ്രതിബന്ധമായിരുന്നില്ല. വിശ്വസജീവിത്തിൽ നിന്ന് മാറിനിൽക്കാൻ എന്തെങ്കിലും ഒഴിവുകഴിവകുൾ കണ്ടെത്താൻ ശ്രമിക്കുന്ന നമ്മെ ഓരോരുത്തരെ സംബന്ധിച്ചും കൂനിയായ ഈ സ്ത്രീ ഒരു വെല്ലുവിളിയാണെന്നതിൽ യാതൊരു സംശയവുമില്ല. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ദൈവത്തെയും ദൈവാലയത്തെയും മറന്നുള്ള ജീവിതം ഒരു ഭൂഷണമല്ല. ദൈവത്തോടൊപ്പം ഉള്ള ജീവിതമാണ് നമ്മുടേത് അതാണ് അനുഗ്രഹീതം.

സിനഗോഗിൽ അനേകരുണ്ടായിരുന്നു. എന്നാൽ ആരും അവളെ പ്രത്യേകം ശ്രദ്ധിക്കുന്നില്ല. കാരണം, എല്ലാവർക്കും ഇത് പതിവുകാഴ്ച മാത്രമാണ്. ക്രിസ്തു മാത്രമാണ് അവളെ കണ്ടപ്പോൾ അവളെ അടുത്തു വിളിക്കുന്നത്. ആരും കാണാത്തവരെയും ശ്രദ്ധിക്കാത്തവരെയും ശ്രദ്ധി

ക്കുന്നവനാണ് തമ്പുരാൻ. മറ്റുള്ളവരെ കാണാൻ കണ്ണുണ്ടാവുകയും മനസ്സിലാക്കാൻ ഒരു ഹൃദയമുണ്ടാവുകയും ചെയ്യുക എന്നത് പ്രധാനമാണ്. ഇന്ന് നമുക്ക് മറ്റുള്ളവരെക്കുറിച്ച് ഒരു നിമിഷം പോലും ചിന്തിക്കാൻ സാധിക്കുന്നില്ല. അവർക്കു നല്കാൻ നമുക്ക് ഒന്നുമില്ല. ദുരിതക്കടലിൽ കഴിയുന്നവരെ കണ്ടിട്ടും കാണാത്തതുപോലെ പോവുകയാണ് നാം. നമ്മുടെ ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന എത്രപേർ നമുക്കു ചുറ്റുമുണ്ട്. നാം അവരെ കാണുന്നില്ല എന്നത് ക്രിസ്തുവിന്റെ സങ്കടത്തെ വർദ്ധിപ്പിക്കുകയാണ്.

ക്രിസ്തു അവളുടെമേൽ കൈകൾ വയ്ക്കുകയും അവളെ രോഗത്തിൽനിന്ന് മോചിപ്പിക്കുകയും ചെയ്യുകയാണ്. രോഗം അവളെ സംബന്ധിച്ച് പൈശാചിക ബന്ധനമായിരുന്നു. ക്രിസ്തുവിന്റെ പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യം സംസ്ഥാപിതമാവുകയാണിവിടെ. ദൈവസന്നിധിയിൽ നിവർന്നുനില്ക്കാൻ കഴിയാത്ത ഒരുവൾ, നിവർന്നുനില്ക്കാനുള്ള സ്വാതന്ത്ര്യം അനുഭവിക്കാതിരുന്ന ഒരുവൾ, അവളെ ദൈവം സ്വതന്ത്രയാക്കുകയാണ്. മനുഷ്യ മഹത്വം പൂർണമായും മനസ്സിലാക്കുന്നത് ദൈവമാണ്. അതുകൊണ്ടാണല്ലോ മനുഷ്യർക്കുവേണ്ടി സ്വന്തം ജീവൻപോലും ബലികഴിക്കാൻ ദൈവം തിരുമനസ്സായത്. ദൈവം നമ്മെ കാണുന്നതുപോലെ നമുക്ക് നമ്മെയും മറ്റുള്ളവരെയും കാണാൻ സാധിക്കണം. ഇന്ന് അതിനൊന്നും സാധിക്കാത്തവിധം “ആത്മീയമായ കൂന്”ബാധിച്ച നിലയിലാണ് നാം.

ചിന്തയിലും ആദർശത്തിലുമൊക്കെ കൂനു ബാധിച്ചവരാണ് നാം. ഉയരങ്ങളിലേക്ക്, ദൈവത്തിങ്കലേക്ക് നോക്കി വളരാൻ നമുക്കു സാധിക്കുന്നില്ല. നാം നിൽക്കുന്നിടത്തേക്കു ഭൂമിയിലേക്കു തന്നെ ദൃഷ്ടി ഉറപ്പിച്ചു നിൽക്കുകയാണ്. ദൈവത്തിങ്കലേക്കും ചുറ്റുപാടുകളിലേക്കും വളരാൻ നമുക്ക് കഴിയേണ്ടതുണ്ട്. മനുഷ്യമഹത്വം വീണ്ടെടുക്കാനുള്ള രക്ഷകനായ ക്രിസ്തുവിന്റെ ദൗത്യത്തിൽ നാമും പങ്കാളികളാകേണ്ടവരാണെന്ന് നാം ഓർക്കണം. ദൈവത്തെ മറക്കുന്നവർ മനുഷ്യരെയും മറക്കുന്നു. മനുഷ്യരെ മറക്കുന്നവർ ദൈവത്തെയും മറക്കുന്നു. ദൈവമനുഷ്യ ബന്ധത്തിലൂടെ പൂർണമാക്കപ്പെടുന്ന ജീവന്റെ സമൃദ്ധി പ്രാപിക്കാനും അതിന്റെ വീണ്ടെടുപ്പിനുവേണ്ടി സമർപ്പിക്കാനും നമുക്ക് കഴിയണം. അതിന് മതമോ നിയമങ്ങളോ ഒരിക്കലും തടസ്സമാവരുത്.